## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.06.2025**

## പ്രധാനവാർത്തകൾ

1. ബംഗളുരുവിൽ റോയൽ ചലഞ്ചേഴ്സിന്റെ ഐപിഎൽ വിജയാഘോഷത്തിനിടെയുണ്ടായ തിക്കിലും തിരക്കിലും എട്ട് മരണം. 50 ലേറെ പേർക്ക് പരിക്ക്.

2. സംസ്ഥാനത്ത് ദേശീയപാതാ നിർമാണത്തിലുണ്ടായ അപാകതകൾ പരിഹരിക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. NH നിർമാണം ഈ വർഷം തന്നെ പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയനുമായുള്ള കൂടിക്കാഴ്ചയിൽ കേന്ദ്രമന്ത്രി.

3. 2027-ൽ രാജ്യത്ത് സെൻസസ് നടപ്പാക്കാൻ തീരുമാനിച്ച് കേന്ദ്രസർക്കാർ. രണ്ട് ഘട്ടങ്ങളായാണ് ജനസംഖ്യാ കണക്കെടുപ്പ്.

4. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പ്രചാരണം ഊർജ്ജിതമാക്കി സ്ഥാനാർത്ഥികൾ. പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

5. പ്രതിഷ്ഠാദിന പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു.

6. ഹജ്ജ് കർമങ്ങൾക്ക് ഇന്ന് തുടക്കമായി. പ്രധാന ചടങ്ങായ അറഫാ സംഗമം നാളെ.

*********************************************************

RNU TVPM

## ഐപിഎൽ ബെംഗളൂരു അപകടം

റോയൽ ചലഞ്ചേഴ്സിന്റെ ഐപിഎൽ വിജയാഘോഷത്തിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് ബംഗളുരുവിൽ എട്ട് പേർ മരിച്ചു. ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിന് സമീപം നടന്ന വിജയാഘോഷ റാലിയിക്കിടെയാണ് സംഭവം. അപകടത്തിൽ പരിക്കേറ്റ 50-ലേറെപ്പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. വിവിധ ഗേറ്റുകളിലൂടെ ആരാധകർ സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കാൻ ശ്രമിക്കുന്നതിനിടെയാണ് തിക്കും തിരക്കുമുണ്ടായത്. സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിക്ടറി പരേഡിന് നേരത്തെ കർണാടക സർക്കാർ അനുമതി നിഷേധിച്ചിരുന്നു.

*****************************

## മുഹമ്മദ് റിയാസ് (ഇൻട്രോ)

സംസ്ഥാനത്ത് ദേശീയപാതാ നിർമാണത്തിലുണ്ടായ വീഴ്ചകളിൽ ശക്തമായ നടപടി ഉറപ്പുനൽകി കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. മുഖ്യമന്ത്രി പിണറായി വിജയനുമായുള്ള കൂടിക്കാഴ്ചയിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം ഉറപ്പുനൽകിയത്. മലപ്പുറം കൂരിയാട് ഉൾപ്പെടെ ദേശീയപാതാ നിർമാണത്തിൽ ഉണ്ടായ അപാകതകൾ ആവർത്തിക്കില്ലെന്നും കേന്ദ്രമന്ത്രി അറിയിച്ചു. 360 മീറ്റർ വയഡക്ട് ഇവിടെ നിർമിക്കും. 2025 ഡിസംബറിന് തന്നെ ദേശീയപാതാ നിർമാണം പൂർത്തിയാക്കി, 2026 ലെ പുതുവത്സര സമ്മാനമായി ദേശീയപാത തുറന്നു നൽകുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ച്ചയ്ക്ക് ശേഷം പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസാണ് ഇക്കാര്യം മാധ്യമങ്ങളെ അറിയിച്ചത്.

(ഹോൾഡ് വോയിസ്)

RNU TVPM

ദേശീയ പാതയുടെ ചില റീച്ചുകളിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിലും പദ്ധതി പൊതുവേ നല്ല രീതിയിലാണ് മുന്നോട്ട് പോകുന്നത്. എല്ലാ സഹകരണവും സംസ്ഥാന സർക്കാർ തുടർന്നും നൽകുമെന്നും, പ്രശ്നം പരിഹരിച്ച് മുന്നോട്ട് പോകുമെന്നും ശ്രീ മുഹമ്മദ് റിയാസ് പറഞ്ഞു.

****************************

## സെൻസസ്

2027 ൽ രാജ്യത്ത് സെൻസസ് നടപ്പാക്കാൻ തീരുമാനിച്ച് കേന്ദ്രസർക്കാർ. രണ്ട് ഘട്ടങ്ങളായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പിന്റെ ഭാഗമായി ജാതി സെൻസസും നടക്കും. 2027 മാർച്ച് ഒന്നു മുതലാണ് കണക്കെടുപ്പെങ്കിലും ജമ്മുകശ്മീർ, ഹിമാചൽ, ഉത്തരാഖണ്ഡ് തുടങ്ങിയ അതിശൈത്യ മേഖലകളിൽ 2026 ഒക്ടോബർ ഒന്നിന് തന്നെ ഇതാരംഭിക്കും. 2011 ലാണ് രാജ്യത്ത് മുൻപ് സെൻസസ് നടന്നത്. 2021 ൽ നടക്കേണ്ടിയിരുന്ന കണക്കെടുപ്പ് കോവിഡ് മഹാമാരിയെത്തുടർന്ന് നടപ്പാക്കാനിയിരുന്നില്ല.

RNU TVPM

****************************

## വർഷകാല സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനം അടുത്ത മാസം 21 ന് ആരംഭിക്കും. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം നിലനിൽക്കേയാണ് തീരുമാനം. ഓഗസ്റ്റ് 12 വരെയായിരിക്കും വർഷകാല സമ്മേളനം നീണ്ടു നിൽക്കുകയെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു.

****************************

## നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പ്രചാരണം ഊർജ്ജിതമാക്കി സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെയാണ് അവസാനിക്കുക. ഇന്നലെ നടന്ന പത്രികകളുടെ സൂക്ഷ്മ പരിശോധനയിൽ ഏഴ് പത്രികകൾ തള്ളിയ ശേഷം 18 പത്രികകളാണ് സ്വീകരിച്ചത്. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും മത്സരം രംഗത്തുണ്ട്. ഈ മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

*****************************

## വി ശിവൻകുട്ടി

RNUTVPM

തിരുവനന്തപുരത്തെ സ്കൂളിൽ പ്രവേശനോത്സവത്തിൽ പോക്സോ കേസ് പ്രതിയെ പങ്കെടുപ്പിച്ച സംഭവത്തിൽ ഉചിതമായ നടപടി ഉണ്ടാകുമെന്ന് മന്ത്രി വി ശിവൻകുട്ടി. സംഭവത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. സംഭവത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്കൂൾ പ്രധാനാധ്യാപകനിൽ നിക്ഷിപ്തമാണെന്നാണ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട്. കൊല്ലം കൊട്ടിയത്ത് മുടി നീട്ടി വളർത്തിയതിന്റെ പേരിൽ 14 പ്ലസ് ടു വിദ്യാർത്ഥികളെ ക്ലാസ്സിൽ നിന്ന് ഇറക്കി വിട്ടു എന്ന സംഭവം അന്വേഷിക്കുമെന്നും മന്ത്രി അറിയിച്ചു. കണ്ണൂരിൽ ബസ് ചാർജ് അടക്കാത്തതിന് വിദ്യാർത്ഥിയെ ബസ്സിൽ നിന്നിറക്കിവിട്ട സംഭവത്തിലും അന്വേഷണം നടത്തും. ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ ഒരു തരത്തിലും അനുവദിക്കില്ലെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

****************************

## ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ

കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 213.43 കോടി രൂപകൂടി അനുവദിച്ചതായി ധന മന്ത്രി കെ എൻ ബാലഗോപാൽ. ജനറൽ പർപ്പസ് ഗ്രാന്റിന്റെ മൂന്നാം ഗഡുവാണ് അനുവദിച്ചത്.

****************************

## കോവിഡ്

രാജ്യത്ത് നിലവിൽ 4,302 കോവിഡ് ബാധിതരാണുള്ളതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതിൽ 1,373 കേസുകൾ കേരളത്തിലാണ്. മഹാരാഷ്ട്രയിൽ 510 ഉം ഗുജറാത്തിൽ 461 ഉം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനങ്ങൾ ഓക്സിജൻ ലഭ്യത, ഐസൊലേഷൻ സംവിധാനം, വെന്റിലേറ്റർ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചു.

RNU TVPM

****************************

## ശബരിമല

പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചുള്ള പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകുന്നേരം അഞ്ചിന് തുറന്നു. ഇടവമാസത്തിലെ അത്തം നാളായ നാളെയാണ് ശബരിമലയിലെ പ്രതിഷ്ഠാദിനം. നാളെ രാവിലെ അഞ്ചിന് നട തുറന്ന ശേഷം പതിവ് പൂജകൾ കൂടാതെ വിശേഷാൽ പൂജകളും നടക്കും. രാത്രി 10നാണ് നട അടയ്ക്കുക..

****************************

## ഹജ്ജ്

ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ന് തുടക്കമായി. ഹജ്ജ് കർമങ്ങൾക്ക് തുടക്കം കുറിച്ച് ഹാജിമാർ മിനായിൽ എത്തിച്ചേർന്നു. നാളെയാണ് പ്രധാന ചടങ്ങായ അറഫാ സംഗമം. ഇതിനായി രാത്രി മുതൽ ഹാജിമാർ നീങ്ങിത്തുടങ്ങും. 18 ലക്ഷത്തിലധികം തീർത്ഥാടകർ ഇത്തവണ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

*****************************

## വികസിത് കൃഷി സങ്കല്പ് അഭിയാൻ

കോഴിക്കോട് ജില്ലയിൽ ഐ.സി.എ.ആർ - ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനവും, കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ കാമ്പയിന്റെ പേരാമ്പ്ര ബ്ലോക്ക് തല പര്യടന പരിപാടിക്ക് സമാപനമായി. പേരാമ്പ്ര, ചെറുവണ്ണൂർ, നൊച്ചാട് പഞ്ചായത്തുകളിലെ കർഷകരും, ചക്കിട്ടപ്പാറ, കായണ്ണ പഞ്ചായത്തുകളിലെ കർഷകരും പരിപാടിയിൽ പങ്കെടുത്തു.

RNU TVPM

*****************************

## ഇടുക്കി-എൻ ഡി ആർ എഫ് (ഇൻട്രോ)

**ഇടുക്കിയിൽ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ദേശീയ ദുരന്ത നിവാരണ സേന പരിശോധന നടത്തി. വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

*****************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

*****************************

## കപ്പൽ അപകടം-കണ്ടെയ്നറുകൾ

ചരക്കുകപ്പൽ മുങ്ങിയതിനെ തുടർന്ന് കൊല്ലം തീരത്തടിഞ്ഞ കണ്ടെയ്നറുകളിൽ 27 എണ്ണം കൊല്ലം പോർട്ടിലേക്ക് മാറ്റിയതായി ജില്ലാ കലക്ടർ എൻ ദേവിദാസ് അറിയിച്ചു. നാശനഷ്ടം കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. കടൽഭിത്തികൾ തകർന്നതിന്റെ വിവരങ്ങൾ ഇറിഗേഷൻ വകുപ്പ് ക്രോഡീകരിച്ച് നൽകണം. മീൻവല, തകർന്നുപോയ അനുബന്ധഉപകരണങ്ങളുടെ ഉടമകളായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ എന്നിവ ഫിഷറീസ് വകുപ്പാണ് സമർപിക്കേണ്ടത്.

*****************************

## പരിസ്ഥിതി ദിനം

പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നാളെ നിർവ്വഹിക്കും. രാജ്ഭവനിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം. 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ക്ലിഫ് ഹൗസിൽ നിർവ്വഹിക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ 2025 ലെ സംസ്ഥാന

RNUTVPM

പരിസ്ഥിതിമിത്രം പുരസ്കാരങ്ങളും മുഖ്യമന്ത്രി നാളെ വിതരണം ചെയ്യും.

****************************

## സെൻസെക്സ് - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 260 പോയിന്റ് നേട്ടത്തോടെ 80,998 ലും, നിഫ്റ്റി 77 പോയിന്റ് ഉയർന്ന് 24,620 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. പവന് 80 രൂപ വർധിച്ച് 72,720 രൂപയും ഗ്രാമിന് 10 രൂപ വർധിച്ച് 9,090 ഉം ആണ് ഇന്നത്തെ വില.

****************************

## കണ്ണൂർ അഴീക്കൽ ചാൽ

കണ്ണൂർ അഴീക്കൽ ചാൽ ബീച്ചിൽ കുളിക്കുന്നതിനിടെ കഴിഞ്ഞദിവസം കടലിൽ പെട്ട രണ്ടാമത്തെ യുവാവിന്റെ മൃതദേഹവും കണ്ടെത്തി. വാരം സ്വദേശി പ്രിനീഷാണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന മറ്റൊരാളുടെ മൃതദേഹം ഇന്നലെ കണ്ടെത്തിയിരുന്നു.

RNU TVPM

****************************

## തെരുവുനായ ആക്രമണം

കൊട്ടാരക്കരയിൽ ഇന്നലെയുണ്ടായ തെരുവുനായ ആക്രമണത്തിൽ ഗർഭിണിയടക്കം 12 പേർക്ക് പരിക്കേറ്റു. കാൽനടയാത്രക്കാരെ കൂടാതെ ബൈക്കിലും, ഓട്ടോയിലും സഞ്ചരിച്ചവരെയും നായ നായ ആക്രമിച്ചു. കൊട്ടാരക്കര, പുലമൺ, ചന്തമുക്ക്, പരിസരങ്ങളിലാണ് നായയുടെ ആക്രമണമുണ്ടായത്.

****************************

## സഹപാഠി-മർദ്ദനം

കോഴിക്കോട് താമരശ്ശേരി പുതുപ്പാടിയിലെ സ്കൂളിൽ 15 വയസ്സുകാരന് സഹപാഠികളിൽ നിന്നും മർദനമേറ്റ സംഭവത്തിൽ പോലീസ് ജുവനൈൽ ജസ്റ്റിസ് ബോർഡിന് റിപ്പോർട്ട് നൽകി. സംഭവത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കെതിരെ സ്കൂൾ തല അച്ചടക്ക നടപടികളും സ്വീകരിച്ചതായി പോലീസ് പറഞ്ഞു.

*

**********

************************************************

RNU TVPM